**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 433** **23-06-2026-ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായ കണ്ണമ്പ്ര വ്യവസായ പാർക്ക് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

**മറുപടി:** കൊച്ചി-ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (KBIC) പദ്ധതിയുടെ ഭാഗമായി പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (IMC) വികസിപ്പിക്കുന്നതിനായി കണ്ണമ്പ്രയിൽ 313 ഏക്കർ ഭൂമി ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിലെ സ്ഥിതി

1. കണ്ണമ്പ്രയിൽ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു.
2. പദ്ധതി നിർവഹണം നിരീക്ഷിക്കുന്നതിന് പ്രോഗ്രാം മാനേജ്മെന്റ് കൺസൽട്ടന്റായി Egis India Consulting Engineer Pvt. Ltd. (Egis Villes & Transport എന്നിവരുമായി ചേർന്ന കോൺസോർഷ്യം) 02.05.2025-ന് നിയമിച്ചു.
3. നിലവിൽ (Phase-1 Pudussery Central & Kanambra) പദ്ധതി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണത്തിനുള്ള പാക്കേജ് 1 ടെൻഡർ നടപടികൾ പൂർത്തിയാക്കി, 2025 സെപ്റ്റംബർ 24ന് ദിലീപ് ബിൽഡ് കോൺ ലിമിറ്റഡ് + PSP പ്രോജെക്ടസ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർനു അവാർഡ് ചെയ്തു. GST ഉൾപ്പടെ 1316.13 കോടി രൂപാ ആണ് അവാർഡ് തുക.
4. നിലവിൽ കണ്ണമ്പ്ര പ്രദേശത്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളായ ജലവിതരണ സംവിധാനം, മഴവെള്ള നിർഗമന സംവിധാനം, മലിനജല ശൃംഖല, വൈദ്യുതി വിതരണ സംവിധാനം എന്നിവയുടെ വിശദമായ രൂപകൽപ്പനയും ഡിസൈൻ അംഗീകാര നടപടികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.
5. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ, ജില്ലാ പഞ്ചായത്ത്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവയുൾപ്പെടെയുള്ള വിവിധ ഏജൻസികളുമായി ആവശ്യമായ ഏകോപന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
6. കരാറുകാരന് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും, വിവിധ അവലോകന യോഗങ്ങളിലൂടെ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**